**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1055**

**05/03/2018 -ൽ മറുപടിയ്ക്ക്**

## നിയമ സർവകലാശാല രൂപീകരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ നിയമ വിദ്യാഭ്യാസം പ്രവേശന പരീക്ഷ മുതൽ സെമസ്റ്റർ പരീക്ഷകൾ വരെ ക്ലിപ്തമായ സമയക്രമമില്ലാതെ നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. നിയമ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവേശനപരീക്ഷ ഉൾപ്പെടെയുള്ള പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇപ്പോൾ നിയമ പഠനം പൂർത്തീകരിക്കാൻ വിവിധ കോളേജുകളിൽ 6-7 വർഷം വരെ എടുക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം മിടുക്കരായ കുട്ടികൾക്കുണ്ടാകുന്ന അവസര നഷ്ടം പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | | |

(Contd........2)

| | | | |
|---|---|---|---|
| (സി) | പ്രവേശന പരീക്ഷയും സെമസ്റ്റർ പരീക്ഷകളും കൃത്യമായി നടത്താൻ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ; ഈ കാര്യങ്ങൾ ഏകോപിപ്പിക്കാൻ . മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ഒരു നിയമ സർവകലാശാല രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | പ്രവേശന പരീക്ഷ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമപഠനത്തിന്റെ സെമസ്റ്റർ പരീക്ഷകൾ നടത്തുന്നത് ബന്ധപ്പെട്ട സർവകലാശാലകളാണ്. ഏകീകൃത പരീക്ഷ കലണ്ടർ തയ്യാറാക്കുന്നതിന് സർവകലാശാലകൾക്ക് നിർദേശം നല്കിയിട്ടുണ്ട്. സർവകലാശാലകളിൽ നടപ്പാക്കനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി പൂർത്തിയാകുമ്പോൾ പരാതികൾക്ക് ശാശ്വത പരിഹാരം കാണാനാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ നിയമ വിദ്യാഭ്യാസം നടത്തുന്നതിനായി സർക്കാർ മേഖലയിൽ 4 ലോ കോളേജുകളും നിരവധി സ്വാശ്രയ ലോ കോളേജുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ സർവകലാശാലകളിലും നിയമ പഠന വകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൊച്ചി ആസ്ഥാനമായി നിയമപഠനത്തിനായി National University of Advanced Legal Studies (NUALS)ഉം പ്രവർത്തിക്കുന്നുണ്ട്. നിയമസർവകലാശാല ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**